Prepp

Practice, Learn and Achieve Your Goal with Prepp

# UGC NET Exam

Malayalam


Simplifying
**Government Exams**

SSC CHSL | IAS EXAM | RRB NTPC | NTSE | CDS
SSC CGL | CBSE UGC NET | IBPS PO | NDA
SBI PO | IBPS CLERK | AFCAT | SSC JE | CTET
CSIR UGC NET | CAPF | IBPS RRB

www.prepp.in

# PAPER-II
# MALAYALAM

**Signature and Name of Invigilator**

1. (Signature) ____________________________
   (Name) ____________________________
2. (Signature) ____________________________
   (Name) ____________________________

**J 2 2 1 3**

OMR Sheet No. : .............................................
(To be filled by the Candidate)

Roll No. | | | | | | | | |
(In figures as per admission card)

Roll No.____________________________
(In words)

Time : **1 $^1/_4$** hours] [Maximum Marks : **100**

Number of Pages in this Booklet : **12**

Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal / polythene bag on the booklet. Do not accept a booklet without sticker-seal / without polythene bag and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the circle as indicated below on the correct response against each item.
   **Example :** (A) (B) ● (D)
   where (C) is the correct response.
5. Your responses to the items are to be indicated in the **OMR Sheet given inside the Paper I Booklet only.** If you mark at any place other than in the circle in the OMR Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your Name, Roll Number, Phone Number or put any mark on any part of the OMR Sheet, except for the space allotted for the relevant entries, which may disclose your identity, or use abusive language or employ any other unfair means, you will render yourself liable to disqualification.
9. You have to return the original OMR Sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall. You are however, allowed to carry duplicate copy of OMR Sheet on conclusion of examination.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is no negative marks for incorrect answers.**

## परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए ।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं ।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी । पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए पुस्तिका पर लगी कागज की सील / पोलिथीन बैग को फाड़ लें । खुली हुई या बिना स्टीकर-सील / बिना पोलिथीन बैग की पुस्तिका स्वीकार न करें ।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं । दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात् किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें । इसके लिए आपको पाँच मिनट दिये जायेंगे । उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा ।**
   (iii) इस जाँच के बाद OMR पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें ।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं । आपको सही उत्तर के वृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है ।
   **उदाहरण :** (A) (B) ● (D) जबकि (C) सही उत्तर है ।
5. प्रश्नों के उत्तर **केवल प्रश्न पत्र I के अन्दर दिये गये OMR पत्रक पर ही** अंकित करने हैं । यदि आप OMR पत्रक पर दिये गये वृत्त के अलावा किसी अन्य स्थान पर उत्तर चिह्नांकित करते हैं, तो उसका मूल्यांकन नहीं होगा ।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें ।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें ।
8. यदि आप OMR पत्रक पर नियत स्थान के अलावा अपना नाम, रोल नम्बर, फोन नम्बर या कोई भी ऐसा चिह्न जिससे आपकी पहचान हो सके, अंकित करते हैं अथवा अभद्र भाषा का प्रयोग करते हैं, या कोई अन्य अनुचित साधन का प्रयोग करते हैं, तो परीक्षा के लिये अयोग्य घोषित किये जा सकते हैं ।
9. आपको परीक्षा समाप्त होने पर मूल OMR पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें । हालांकि आप परीक्षा समाप्ति पर OMR पत्रक की डुप्लीकेट प्रति अपने साथ ले जा सकते हैं ।
10. **केवल नीले/काले बाल प्वाईंट पेन का ही इस्तेमाल करें ।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है ।**
12. **गलत उत्तरों के लिए कोई अंक काटे नहीं जाएँगे ।**



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

# മലയാളം
# MALAYALAM
## Paper – II

**Note :** This paper contains **fifty (50)** objective type questions, each question carrying **two (2)** marks. Attempt **all** the questions.

ഈ ചോദ്യക്കടലാസ്സിൽ **അമ്പത്** (50) മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട്** (2) മാർക്ക്. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**1.** ഉത്തര ദ്രാവിഡത്തിൽ ഉൾപ്പെടുന്ന ഭാഷകൾ

(A) ബ്രാഹുയി, കുറുഖ്, മാൽത്തോ  (B) ബ്രാഹുയി, നൈകി, മാൽത്തോ
(C) ബ്രാഹുയി, കുറുഖ്, കോത  (D) കോലാമി, കുറുഖ്, മാൽത്തോ

**2.** ചേരുംപടി ചേർക്കുക.

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | സംസ്കൃതജന്യം | (1) | ഏ. ആർ രാജരാജവർമ്മ |
| (b) | മിശ്ര ഭാഷാജന്യം | (2) | കെ. എം. ജോർജ്ജ് |
| (c) | മൂലദ്രാവിഡജന്യം | (3) | സി. എൽ. ആന്റണി |
| (d) | തമിഴ്ജന്യം | (4) | ഇളംകുളം കുഞ്ഞൻ പിള്ള |
| | | (5) | വടക്കുംകൂർ രാജരാജവർമ്മ |

(A) a 4, b 5, c 3, d 2  (B) a 3, b 2, c 1, d 4
(C) a 5, b 4, c 2, d 1  (D) a 4, b 3, c 5, d 1

**3.** വാനുലകിനു സമമാകിയ നിരണ
മഹാദേശേ താൻ വന്നുതുനായാൻ – ഈ വരി എടുത്തത്

(A) കണ്ണശ്ശഭാരതം  (B) ഭാഷാ ഭഗദ്ഗീത
(C) കണ്ണശ്ശരാമായണം ഉത്തരകാണ്ഡം  (D) ഇതൊന്നുമല്ല

**4.** 'മലയാളർ' എന്ന പദം ആദ്യമായി പരാമർശിക്കപ്പെട്ടത്

(A) ഉണ്ണിയാടിചരിതം  (B) ഉണ്ണിയച്ചിചരിതം
(C) ഉണ്ണിച്ചിരുതേവിചരിതം  (D) അനന്തപുരവർണ്ണനം

**5.** **കാര്യം** : വൈശികതന്ത്രം മുൻനിർത്തി മണിപ്രവാളത്തെക്കുറിച്ച് തീർപ്പു കല്പിക്കുന്നത് ശരിയല്ല.

**കാരണം** :
1. വൈശിക തന്ത്രം മണിപ്രവാള ഘട്ടത്തിലുണ്ടായതല്ല.
2. വൈശിക തന്ത്രം ഒറ്റകൃതിയാണെന്നു പറയാൻ നിവൃത്തിയില്ല.
3. വൈശിക തന്ത്രത്തിന് മണിപ്രവാള ലക്ഷണം യോജിക്കുന്നില്ല.

(A) കാര്യം ശരി, കാരണം 1 ഉം 2 ഉം ശരി.

(B) കാര്യം ശരി, കാരണങ്ങളെല്ലാം തെറ്റ്.

(C) കാര്യം തെറ്റ്, കാരണങ്ങളും തെറ്റ്.

(D) കാര്യം ശരി, കാരണം 2 ശരി.



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**6.** കാക്കാരശ്ശി നാടകം ഏതു വിഭാഗത്തിൽപ്പെടുത്താം ?

(A) നാടോടി പ്രഹസനം
(B) കാളി നാടകം
(C) അനുഷ്ഠാന നാടകം
(D) ഇതൊന്നുമല്ല

**7.** ഫോക്‌ലോറിനെ സ്വതന്ത്രമായ പഠനമാക്കിത്തീർത്തത്

(A) കാൾയുങ്
(B) ആർനോൾഡ് ടോയൻബി
(C) ഗ്രിം സഹോദരന്മാർ
(D) നോംചോംസ്കി

**8.** 'അപ്പോൾപ്പറയുന്നു ......' എന്നിങ്ങനെ ആരംഭിക്കുന്നതും 'എന്നു പറഞ്ഞു നടന്നവനും' എന്ന രീതിയിൽ അവസാനിക്കുന്നതുമായ ഗീതങ്ങൾ

(A) നാടോടി നാടകങ്ങളുടെ സംഭാഷണ രീതി
(B) നാടോടിക്കഥാഗാനങ്ങളിലെ പൊതുവായ സംഭാഷണ രീതി
(C) വടക്കൻ പാട്ടുകളുടെ മാത്രം രീതി
(D) വീരാരാധനാ ഗീതങ്ങളുടെ മാത്രം രീതി

**9.** കോട്ടയം ചെപ്പേടിന്റെ മറ്റൊരു പേര്

(A) തരിസാപ്പള്ളി ശാസനം
(B) തിരുവല്ല ശാസനം
(C) ജൂത ശാസനം
(D) പാർത്ഥിവപുരം ശാസനം

**10.** നമ്പ്യാന്തമിഴ് ഏതു കലാരൂപത്തിന്റെ ഭാഷാ വഴക്കമാണ് ?

(A) കൂടിയാട്ടം
(B) കൂത്ത്
(C) പാഠകം
(D) തുള്ളൽ

**11.** നിറന്ന പീലികൾ നിരക്കവേകുത്തി
നെറുകയിൽ കൂട്ടിത്തിറമോടുകെട്ടി - വൃത്തമേത് ?

(A) അന്നനട
(B) കേക
(C) നതോന്നത
(D) കാകളി

**12.** താഴെ കൊടുത്തിരിക്കുന്നതിൽ ശരിയായ കാലക്രമം ഏത് ?

(A) മലയിൻകീഴ് മാധവൻ, കുഞ്ചൻ നമ്പ്യാർ, എഴുത്തച്ഛൻ, രാമപുരത്തു വാരിയർ
(B) മലയിൻകീഴ് മാധവൻ, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, രാമപുരത്തു വാരിയർ
(C) രാമപുരത്തു വാരിയർ, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, മലയിൻകീഴ് മാധവൻ
(D) മലയിൻകീഴ് മാധവൻ, രാമപുരത്തു വാരിയർ, കുഞ്ചൻ നമ്പ്യാർ, എഴുത്തച്ഛൻ



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**13.** പാനവൃത്തത്തിൽ കവിത രചിച്ചത്

(A) പൂന്താനം (B) രാമപുരത്തു വാരിയർ

(C) കോട്ടയം കേരളവർമ്മ (D) ചാത്തുക്കുട്ടി മന്നാടിയാർ

**14.** നളചരിതം എന്ന പേരിൽത്തന്നെ കൃതിയെഴുതിയ രണ്ടുപേർ ?

(A) മഴമംഗലം, ഉണ്ണായിവാരിയർ

(B) ഉണ്ണായിവാരിയർ, മേൽപ്പത്തൂർ

(C) കുഞ്ചൻ നമ്പ്യാർ, ഉണ്ണായിവാരിയർ

(D) മേൽപ്പത്തൂർ, മഴമംഗലം

**15.** കുചേലവൃത്തത്തിന്റെ അനുകരണമാണ് കരുണയെന്ന സാഹിത്യ പഞ്ചാനനന്റെ വിമർശനത്തിന് ശക്തമായ മറുപടി നല്കിയ എഴുത്തുകാരൻ

(A) മൂർക്കോത്ത് കുമാരൻ (B) അഴീക്കോട്

(C) ജോസഫ് മുണ്ടശ്ശേരി (D) നിത്യചൈതന്യയതി

**16.** ഉദയംപേരൂർ സൂനഹദോസ് കാനോനകൾ വിഷയമായി സ്വീകരിച്ച ഗവേഷകൻ

(A) ഡോ. ഇമ്മാനുവേൽ ആട്ടേൽ (B) ഡോ. എ.പി. ആൻഡ്രൂസ് കുട്ടി

(C) ഡോ. കെ.എം. ജോർജ്ജ് (D) ഡോ. സ്കറിയ സക്കറിയ

**17.** തിരുവിതാംകൂർ ഗവൺമെന്റ് നിരോധിച്ച ആദ്യത്തെ മലയാള പത്രം

(A) സന്ദിഷ്ടവാദി (B) സ്വദേശാഭിമാനി

(C) ആത്മപോഷിണി (D) മിതവാദി

**18.** ചേരുംപടി ചേർക്കുക.

| പട്ടിക – I | പട്ടിക – II |
|---|---|
| (a) കേരളമിത്രം | (1) മൂർക്കോത്തു കുമാരൻ |
| (b) പശ്ചിമതാരക | (2) ജോർജ്ജ് മാത്തൻ |
| (c) മിതവാദി | (3) കണ്ടത്തിൽ വറുഗീസ് മാപ്പിള |
| (d) ജ്ഞാനനിക്ഷേപം | (4) കല്ലൂർ ഉമ്മൻ ഫിലിപ്പോസ് |
| | (5) സി.വി. രാമൻ പിള്ള |

(A) a 1, b 2, c 4, d 5 (B) a 3, b 4, c 1, d 2

(C) a 5, b 2, c 1, d 3 (D) a 5, b 3, c 4, d 1

**19.** താഴെക്കൊടുത്തിരിക്കുന്നതിൽ ശരിയായ കാലക്രമം ഏത് ?

(A) കേരള ദീപിക, മലയാളി, മാതൃഭൂമി, മലയാള മനോരമ

(B) മലയാളി, കേരള ദീപിക, മലയാള മനോരമ, മാതൃഭൂമി

(C) കേരള ദീപിക, മലയാളി, മലയാള മനോരമ, മാതൃഭൂമി

(D) മലയാളി, മലയാള മനോരമ, കേരള ദീപിക, മാതൃഭൂമി



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**20.** തിരുവിതാംകൂർ പാഠപുസ്തക കമ്മിറ്റിയുടെ ആദ്യത്തെ അദ്ധ്യക്ഷൻ

(A) ഏ. ആർ. രാജരാജവർമ്മ

(B) കുഞ്ഞിക്കുട്ടൻ തമ്പുരാൻ

(C) കേരളവർമ്മ വലിയ കോയിത്തമ്പുരാൻ

(D) ഉള്ളൂർ എസ്. പരമേശ്വരയ്യർ

**21.** പ്രാസവാദം ഉന്നയിക്കപ്പെട്ട ആദ്യ ലേഖനം

(A) മലയാള ഭാഷ (B) പ്രാസം

(C) സാഹിത്യ വിവേചനം (D) പ്രാസനിയമം

**22.** പച്ചമലയാളത്തെ ഉണക്കമലയാളമെന്ന് പരിഹസിച്ചത്

(A) കേസരി ഏ. ബാലകൃഷ്ണ പിള്ള (B) സുകുമാർ അഴീക്കോട്

(C) സഞ്ജയൻ (D) സി.എസ്. നായർ

**23.** ഏതു മഹാകാവ്യത്തെ വിമർശിച്ചുകൊണ്ടാണ് കുമാരനാശാൻ മഹാകാവ്യ വിമർശനത്തിന് തുടക്കമിട്ടത് ?

(A) രുഗ്മാംഗദ ചരിതം (B) ചിത്രയോഗം

(C) ഉമാകേരളം (D) കേശവീയം

**24.** റെയിൽവേ സ്റ്റേഷനിൽ കിടക്കുന്ന വൃദ്ധന്റെ ദയനീയാവസ്ഥ കണ്ട് വിഷമിച്ച് വള്ളത്തോൾ എഴുതിയ കവിത

(A) മഴയത്ത് ഒരു നടത്തം (B) ശുദ്ധരിൽ ശുദ്ധൻ

(C) മാപ്പ് (D) ഇതൊന്നുമല്ല

**25.** മഹാകാവ്യ ലക്ഷണത്തിലെ നായക സങ്കല്പത്തെ പൊളിച്ചെഴുതിയ ഒരു മഹാകാവ്യം

(A) ചിത്രയോഗം (B) ഉമാകേരളം

(C) കേശവീയം (D) രാമചന്ദ്രവിലാസം

**26.** ഒറ്റപ്പത്തിയൊടായിരമുടലുകൾ
ചുറ്റുപിണഞ്ഞൊരു മണിനാഗം
ചന്ദനലതയിലധോമുഖ ശയനം
ചന്തമൊടങ്ങനെ ചെയ്യുമ്പോൾ – ഈ കല്പനയിലൂടെ ചങ്ങമ്പുഴ വർണ്ണിക്കുന്നത്

(A) മുടി (B) സർപ്പം

(C) പനിനീർപ്പൂവ് (D) പ്രഭാതത്തിലെ സൂര്യകിരണങ്ങൾ

**27.** ഞാനീ കറുത്തൊരു നീറ്റിൽ മുങ്ങി
കാണാതെയാമ്പോൾ കരയുമോ നീ - ആരുടെ വരികൾ ?

(A) ജി. ശങ്കരക്കുറുപ്പ് (B) ഇടശ്ശേരി

(C) വൈലോപ്പിള്ളി (D) ബാലാമണിയമ്മ



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

28. എൻ ചുണ്ടിലൊട്ടിടയ്ക്കൂറിയ മാധുരി
നിൻ ചുണ്ടിനുള്ളതോ ലിപ്സ്റ്റിക്കിനുള്ളതോ. – ഏതു കവിതയിലുള്ളത് ?

(A) കൊച്ചു തൊമ്മൻ
(B) മദിരാശിയിലൊരു സായാഹ്നം
(C) എലികൾ
(D) കള്ള ദൈവങ്ങൾ

29. **കാര്യം** : ആധുനിക കവിതയ്ക്ക് സാർവത്രികമായ ഒരു വായനാസമൂഹത്തെ സൃഷ്ടിക്കാൻ കഴിഞ്ഞില്ല.

**കാരണം** : 1. ഭാഷയിലും പ്രമേയത്തിലും ആദ്യകാല ആധുനിക കവിതകൾ നിലവിലിരുന്ന കാവ്യരീതിയെ അട്ടിമറിച്ചു.

2. പുതിയ കവിതാരീതികളോട് മലയാളികൾ എപ്പോഴും പുലർത്തിയിരുന്ന അസഹിഷ്ണത.

(A) കാര്യം ശരി, കാരണം 1ഉം 2ഉം ശരി.
(B) കാര്യം ശരി, കാരണം 1 മാത്രം ശരി.
(C) കാര്യം തെറ്റ്, കാരണങ്ങളും തെറ്റ്.
(D) കാര്യം ശരി, കാരണം 2 മാത്രം ശരി.

30. താറും കുറ്റിച്ചൂലുമായി സാമൂഹിക കാപട്യങ്ങളെ താറടിച്ച ആധുനിക കവി.

(A) അയ്യപ്പപ്പണിക്കർ
(B) സച്ചിദാനന്ദൻ
(C) ആറ്റൂർ
(D) കടമ്മനിട്ട

31. ചേരുംപടി ചേർക്കുക.

| **പട്ടിക – I** | **പട്ടിക – II** |
|---|---|
| (a) ഭൂതക്കട്ട | (1) എസ്. ജോസഫ് |
| (b) ഐഡന്റിറ്റി കാർഡ് | (2) മോഹനകൃഷ്ണൻ കാലടി |
| (c) ഗ്രാമവൃക്ഷത്തിലെ വവ്വാൽ | (3) വിജയലക്ഷ്മി |
| (d) മൃഗ ശിക്ഷകൻ | (4) റഫീക് അഹമ്മദ് |
| | (5) പി.എൻ. ഗോപീകൃഷ്ണൻ |

(A) a 2, b 1, c 4, d 3
(B) a 3, b 2, c 5, d 4
(C) a 1, b 5, c 2, d 4
(D) a 5, b 4, c 2, d 5

32. ഇന്ദുലേഖ, മാർത്താണ്ഡവർമ്മ എന്നി നോവലുകൾക്ക് ആധാരമായി പറയപ്പെടുന്ന വിദേശ നോവലുകൾ

(A) ഹെൻറീറ്റാ ടെമ്പിൾ, ഐവാനോ
(B) പ്രൈഡ് ആന്റ് പ്രിജൂഡീസ്, ഡോൺ ക്വിക്സോട്ട്
(C) കോമഡി ഓഫ് എറേഴ്സ്, ഇഡിയറ്റ്
(D) ബ്രദേഴ്സ് കാരമസോവ്, പിയാനോടീച്ചർ



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

33. 'ഇനി ഞാനുറങ്ങട്ടെ' എന്ന നോവലിലെ നായിക

(A) ഗാന്ധാരി (B) ദുശ്ശള

(C) പാഞ്ചാലി (D) ഇവരാരുമല്ല

34. 'അന്ന് ഭൂനിയമം നടപ്പിൽ വരികയാണ്. ഇനി നാലു ദിവസമേയുള്ളു. അന്നുമുതൽ ആർക്കും ഭൂമിയില്ല. ഭൂമി സർക്കാരിന്റെ വകയാണ്. പാട്ടക്കാരനില്ല, ജന്മിയില്ല, കുടികിടപ്പുകാരനില്ല.' ഏതു നോവലിലേതാണ് ഈ വരികൾ.

(A) അയൽക്കാർ (B) കയർ

(C) അവകാശികൾ (D) ഏണിപ്പടികൾ

35. 'പുളിങ്കൊമ്പത്തെ സോതി' ഏതു നോവലിലെ പുരാവൃത്ത കഥാപാത്രം ?

(A) മയ്യഴിപ്പുഴയുടെ തീരങ്ങളിൽ (B) ഒരു ദേശത്തിന്റെ കഥ

(C) ഖസാക്കിന്റെ ഇതിഹാസം (D) മാർത്താണ്ഡവർമ്മ

36. രാജശുല്ക്കം എന്ന പേര് ആദ്യം നല്കിയിരുന്ന സി.എൻ. ശ്രീകണ്ഠൻ നായരുടെ നാടകം

(A) സാകേതം (B) ലങ്കാലക്ഷ്മി

(C) കാഞ്ചന സീത (D) കലി

37. വാസനാവികൃതി രചിച്ചത് വേങ്ങയിൽ കുഞ്ഞിരാമൻ നായരാണെന്നതിന് തെളിവില്ലെന്ന് നിരീക്ഷിച്ച നിരൂപകൻ

(A) എം. അച്യുതൻ (B) എം.എം. ബഷീർ

(C) വി.സി. ശ്രീജൻ (D) കെ.എസ്. രവികുമാർ

38. ചേരുംപടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| (a) | കേരള ഭാഷാഗാനങ്ങൾ | (1) | ചുമ്മാർ ചൂണ്ടൽ |
| (b) | ഫോക്‌ലോർ നിഘണ്ടു | (2) | ജി. ഭാർഗ്ഗവൻ പിള്ള |
| (c) | കാക്കാരശ്ശി നാടകം | (3) | എം. വി. വിഷ്ണുനമ്പൂതിരി |
| (d) | മുടിയേറ്റ് | (4) | ചിറയ്ക്കൽ ടി. ബാലകൃഷ്ണൻ |
| | | (5) | രാഘവൻ പയ്യനാട് |

(A) a 1, b 2, c 3, d 4 (B) a 4, b 3, c 2, d 1

(C) a 3, b 2, c 1, d 5 (D) a 5, b 1, c 3, d 4

39. **കാര്യം** : ഉദാത്തവും ധ്വനനശേഷിയുമുള്ള കാവ്യങ്ങൾ പച്ചമലയാള പ്രസ്ഥാനത്തിന്റേതായി അധികം ഉണ്ടായിട്ടില്ലെങ്കിലും മലയാള ഭാഷയുടെ നിദ്രാണമായിരുന്ന ശക്തികളെ അവ ഉണർത്തിയിട്ടുണ്ട്.

**കാരണം** : ആ പ്രസ്ഥാനത്തെ പരിപോഷിപ്പിച്ച കവികൾക്ക് കവിത കേവലം വിനോദവും വ്യായാമവുമായിരുന്നു.

(A) കാര്യം ശരി, കാരണം തെറ്റ്.

(B) കാര്യവും, കാരണവും ഭാഗികമായി ശരി.

(C) കാര്യം പൂർണ്ണമായും തെറ്റ്, കാരണം ഭാഗികമായി ശരി.

(D) കാര്യവും കാരണവും തെറ്റ്.



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**40.** ചേരുംപടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| (a) | കോട്ടയം കേരളവർമ്മ | (1) | ദുര്യോധന വധം |
| (b) | ഇരയിമ്മൻ തമ്പി | (2) | കല്യാണ സൗഗന്ധികം |
| (c) | അശ്വതി തിരുനാൾ | (3) | പൂതനാമോക്ഷം |
| (d) | വയസ്ക്കര മൂസ്സ് | (4) | കീചക വധം |
| | | (5) | ബാലി വിജയം |

(A) a 2, b 4, c 3, d 1
(B) a 1, b 4, c 5, d 2
(C) a 3, b 1, c 4, d 2
(D) a 5, b 2, c 3, d 1

**41.** "നളചരിതത്തിലെ ഭാഷ മലയാളമോ സംസ്കൃതമോ മണിപ്രവാളമോ അല്ല. ഇതൊന്നുമല്ലാത്ത ഉണ്ണായി ഭാഷയാണ്' – എന്ന് എഴുതിയത്

(A) ഏ. ആർ. രാജരാജവർമ്മ
(B) ഉള്ളൂർ
(C) എസ്.കെ. നായർ
(D) പന്മന രാമചന്ദ്രൻ നായർ

**42.** താഴെ കൊടുത്തിരിക്കുന്നതിൽ ശരിയായ കാലക്രമം ഏത് ?

(A) കൃഷ്ണഗാഥ, കുചേലവൃത്തം, സ്യമന്തകം തുള്ളൽ, രാമചരിതം
(B) കുചേലവൃത്തം, കൃഷ്ണഗാഥ, സ്യമന്തകം തുള്ളൽ, രാമചരിതം
(C) സ്യമന്തകം തുള്ളൽ, കൃഷ്ണഗാഥ, രാമചരിതം, കുചേലവൃത്തം
(D) രാമചരിതം, കൃഷ്ണഗാഥ, സ്യമന്തകം തുള്ളൽ, കുചേലവൃത്തം

**43.** കവി പുഷ്പമാല എന്ന പേരിൽത്തന്നെ കാവ്യമെഴുതിയ രണ്ടുപേർ

(A) കുഞ്ഞിക്കുട്ടൻ തമ്പുരാൻ, മൂലൂർ പത്മനാഭപ്പണിക്കർ
(B) കാത്തുള്ളിൽ അച്യുതമേനോൻ, വെണ്മണിമഹൻ
(C) ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ, വെണ്മണിമഹൻ
(D) കാത്തുള്ളിൽ അച്യുതമേനോൻ, ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ

**44.** വെളുത്തകുട്ടി, വെളുത്തകുഞ്ഞ് എന്നീ പേരുകളിൽ യഥാക്രമം കഥയെഴുതിയ രണ്ടുപേർ

(A) ബഷീർ, മാധവിക്കുട്ടി
(B) തകഴി, പൊൻകുന്നം വർക്കി
(C) മാധവിക്കുട്ടി, ടി. പത്മനാഭൻ
(D) ഉറൂബ്, തകഴി

**45.** ധർമ്മരാജായുടെ കഥാഗതിയെ താഴെപ്പറയുന്നവരുടെ കൊലപാതകങ്ങൾ സ്വാധീനിച്ചു.

(A) അണ്ണാവയ്യൻ, കുപ്പശ്ശാർ, ഉമ്മിണിപ്പിള്ള
(B) ഹരി പഞ്ചാനൻ, കേശവ പിള്ള, കേശവൻകുഞ്ഞ്
(C) പവതിക്കൊച്ചി, മാമാവെങ്കിടൻ, ഉമ്മിണിപ്പിള്ള
(D) അണ്ണാവയ്യൻ, കുപ്പശ്ശാർ, മാമാവെങ്കിടൻ



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

താഴെ കൊടുത്തിരിക്കുന്ന കവിത വായിച്ച് തുടർന്നുവരുന്ന ചോദ്യങ്ങൾക്ക് ഉത്തരം അടയാളപ്പെടുത്തുക.

ക്രൂരം മീനച്ചുടുവെയിലിൽ, നേരിയ
കാറിൻ പൊടിയാൽ മങ്ങിയ വാനിൽ
ശീതീകൃതമാം മണിയറയിൽപ്പോൽ
പ്രീതികലർന്നു പരുന്തലയുമ്പോൾ
ഈ വഴിവക്കത്തവശം തളിരിൻ
നാവുകൾ നീട്ടിയണയ്ക്കും മാവിൽ
ഏതോ ജീവിതരുജയാൽ കാക്കകൾ
വാ തോരാതെ പരാതികൾ ചൊല്കെ
നൂറു പരാതികളുണ്ടാമീഗുണ
മേറിയ നാട്ടിലെ ഞങ്ങൾക്കും, വിഷു
കേറിവരുന്നതുമൊരു പരിഹാസം
ഒരു കണിവെള്ളരി വാങ്ങാൻ തികയാം
കരുതിയ കൈമുതൽ, തേങ്ങാമുറികളി,
ലരിയിൽ, കിഴിയിൽ, തിരിയി, ലലക്കിയ
ഞെറികളിൽ, മങ്ങിയ വാൽക്കണ്ണാടിയി-
ലരുൾവതു മംഗള ദേവത താനോ ?
ഉണ്ണികളറിവീലുണ്മകൾ, കള്ള
ക്കണ്ണുകൾ പൊത്തി വരട്ടെ, കണിക
ണ്ടിത്തിരി പൂത്തിരികത്തിക്കട്ടേ
പൊട്ടിവിരിഞ്ഞു ചിരിക്കട്ടേ, യരി
കത്തിരുൾനിന്നു ഹസിച്ചു രസിക്കെ
വില്ലന്മാരിക്കുട്ടികൾ കാലേ
ചൊല്ലിയിരിപ്പൂ: കൈനീട്ടത്തുക
കാലോചിതമായ് കൂട്ടണമല്ലെ
ന്നാലോ വിജയംവരെയും സമരം
പായസമേകാം പിള്ളർ, ക്കമ്മണി
വായയിൽ മധുരിക്കട്ടേ ലോകം
തിക്തത നുണയാം ഞങ്ങളൊരല്പം
വെറ്റില തിന്നതു നീട്ടി തുപ്പാം.
പതിവുകൾ പാലിക്കുന്നു നാട്ടിൻ
പതിരുകൾ ഞങ്ങൾ, മുഖത്തിനു നിത്യം
ക്ഷൌരം ചെയ്‌വൂ, പത്രം നോക്കി-
പ്പൗരജനത്തൊടു നർമ്മം ചൊല്‌വൂ;
സൈ്വരം ജോലികഴിപ്പൂ, വൈകു-
ന്നേരം തലയും താഴ്ത്തി നാടപ്പൂ,
പൂരത്തിനു തലയാട്ടുന്നൂ, സാം
സ്കാരിക സഭയിൽ കൈകൊട്ടുന്നൂ.
മാനികൾ ഞങ്ങൾ കഥിപ്പീലാത്മ-
ഗ്ലാനികളുള്ളു തുറന്നെന്നാലും
ഉള്ളിനുള്ളിലിരിപ്പൂ പുഷ്കര
നുഗ്രൻ കലിയും കാട്ടാളനുമൃതു
പർണ്ണനു, മുതകിയ കൈയിൽ കൊത്താ
നുന്നിന കാർക്കോടകനും, പിന്നെ



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click Know More

താനേപാഴ്‌വഴിയമ്പലമൊന്നിൽ
എല്ലാം കൈവി, ട്ടലസമുദാസീ-
നോല്ലാസം തലതാടികൾ നീട്ടി
പാതിച്ചേലയുടു, ത്തൊരുമൃദുവാം
കാതിൽ കുണ്ഡല കുഡ്‌മളമാട്ടി,
ഭാഗ്യക്കുറിയുടെ കാലിച്ചീട്ടാൽ
തീക്കത്തിച്ചൊരു ബീഡികൊളുത്തി
കുത്തിയിരുപ്പൂ ജീവിതരംഗ
വ്യർത്ഥതയെ ധ്യാനിച്ചൊരു ഭവ്യൻ,
ചുറ്റും കുണ്ടിൽ തവളകൾ, മണ്ണിൽ
ച്ചീവിടുകൾ വിലപിക്കും ഘോഷം,
ക്ഷാമം, സന്തതി വർദ്ധന, തൊഴിലി
ല്ലായ്മ, വിലക്കൂടുതലും ബന്ദും,
അന്തഃസത്വമരിച്ചിടിയിച്ചിടു
മന്തസ്സറ്റ നികൃഷ്ട വ്യഥകൾ
എങ്ങനെയെങ്കിലുമരിയെത്തിക്കണ
മെങ്ങനെ നാട്ടാ, രങ്ങനെനാടും
ജീവിതമെന്നാ, ലാശകൾ ചത്തൊരു
ചാവടിയന്തിരമുണ്ടുനടക്കൽ

നൂറു പരാതിയെനിക്കുണ്ടാകാം,
പോരുമതെന്റെ കണിക്കൊന്നേ, വഴി
യോരമിതിങ്കൽ മനോഹര കാഞ്ചന
ഹാര ശതങ്ങളണിഞ്ഞു നിനയ്ക്കാ
തത്ഭുതസംഭവമായ് നീ നില്ക്കേ-
യപ്പുകൾ കണ്ടു മറപ്പേനെല്ലാം.
കൺകുളിരാവൂ കുമിളകൾകുത്തും
നിൻ കനകാമല ധാരയിലെൻകര
ളൊന്നിഹ മുഴുകീടാവൂ വിശ്വാ
സോന്നത സമ്പന്നത പൂകാവൂ,
എന്നിൽ കൂകാവൂകളഹംസം.
മണ്ണിലുമിങ്ങനെ നിന്നിലു, മിതുപോൽ
മാഴ്കിന ഞങ്ങടെ ഹൃദയങ്ങളിലും
സ്വർണ്ണവുമഗ്നിയുമേറിയിരിക്കെ
സ്വന്തം നാടിതു നിർദ്ധനമെന്നോ ?
ഏതോ പിതൃശാപത്താൽ കെട്ടവ,
രെളുതല്ലാതേ ഞങ്ങൾ നശിക്കാം.
അതിവിദൂരം ഭാവിയിലെന്നാ
ലിനിയൊരു തലമുറയിവിടെ ജ്ജീവിത-
മാകെയുരുക്കി മഹൈശ്വര്യത്തി-
ന്നാകൃതിയിൽ പുതുശില്പം വാർക്കും
ഒന്നുണരട്ടേ ബാഹുകനെന്നാൽ
കുണ്ഡിനമെത്താനൊരു പകൽ പോരും
മഹിതേ, ഭീമഗ്രീഷ്മത്തിൻ പൊൻ
മകളേ, നിന്റെ കണിക്കെൻ നന്ദി !
ഓമൽ കൃശമെയ് പുല്കീടാൻ നിൻ
ശ്യാമമനോഹരനെത്തുക വേഗം


Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

46. കാക്കകൾ വാതോരാതെ പരാതികൾ ചൊല്ലുന്നതെന്തുകൊണ്ട് ?

(A) ഏതോ ജീവിതദുഃഖം കാരണം

(B) നേരിയ കാർമേഘപ്പൊടിയാൽ

(C) പ്രീതികലർന്നു പരുന്തലയുന്നത് കണ്ടിട്ട്

(D) വിഷു കേറിവരുന്നതിനാൽ

47. 'വില്ലന്മാരിക്കുട്ടികൾ കാലെ ചൊല്ലിയിരിപ്പൂ' എന്താണ് ചൊല്ലിയത് ?

(A) പായസമേകാം പിള്ളർക്ക്

(B) കൈനീട്ടത്തുകകാലോചിമായ് കൂട്ടണം, അല്ലെങ്കിൽ വിജയംവരെയും സമരം ചെയ്യും

(C) കണികണ്ട് ഇത്തിരി പൂത്തിരികത്തിക്കട്ടെ

(D) കള്ളകണ്ണുകൾ പൊത്തി വരട്ടേ

48. 'യപ്പുകൾ കണ്ടു ഞാൻ എല്ലാം മറക്കാം.' – മറക്കുന്നതെന്ത് ?

(1) വഴിയോരത്തു അത്ഭുതമായുള്ള നിന്റെ നില്പ്

(2) എന്നിൽ പിതൃശാപമുള്ളതുകൊണ്ട്

(3) മനോഹരമായ കാഞ്ചനഹാരശതങ്ങളണിഞ്ഞു

(4) ജീവിതം ആശകൾ ചത്തചാവടിയന്തിരമുണ്ടു നടക്കൽ

(A) 1ഉം 3ഉം ശരി (B) 4 മാത്രം ശരി

(C) 2 മാത്രം ശരി (D) 3ഉം 4ഉം ശരി

49. **കാര്യം** : കവി ഇങ്ങനെ എഴുതി 'ഏതോ പിതൃശാപത്താൽ കെട്ടവരെളുതല്ലാതേ ഞങ്ങൾ നശിക്കാം.'

**കാരണം** :
1. സ്വന്തം നാടു നിർധനമായതുകൊണ്ട്
2. ക്ഷാമം, സന്തതിവർധന, തൊഴിലില്ലായ്മ, വിലക്കൂടുതലും ബന്ദും
3. ഭാഗ്യക്കുറിയുടെ കാലിച്ചീട്ടുകൊണ്ടു തീകത്തിച്ച് ബീഡി കൊളുത്തിയതിനാൽ.
4. മാനികളായ ഞങ്ങൾ ഉള്ളുതുറന്നു കഥിക്കാത്തതുകൊണ്ട്.

(A) കാര്യം ശരി, കാരണം 3 ശരി.

(B) കാര്യം ശരി, കാരണം 1-ഉം 2-ഉം ശരി.

(C) കാര്യം ശരി, കാരണം 4-മാത്രം ശരി.

(D) കാര്യം ശരി, കാരണം 3-ഉം 4-ഉം ശരി.

50. കവിയുടെ ആവിഷ്കാരം

1. വേനല്കാലത്തെ കേരളീയ പ്രകൃതിയെയും വിഷുക്കാലത്തെ നിർധനാവസ്ഥയും ചിത്രീകരിക്കുന്നു.
2. ആവർത്തനവിരസം
3. പദധാരാളിത്തം
4. ഋജുവായ ഭാഷയും യാഥാർത്ഥ്യബോധം പകരുന്ന ബിംബാവലികളും.

(A) 1-ഉം 2-ഉം ശരി (B) 2-ഉം 3-ഉം ശരി

(C) 3 മാത്രം ശരി (D) 1-ഉം 4-ഉം ശരി



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

prepp

# Latest Sarkari jobs, Govt Exam alerts, Results and Vacancies

- Latest News and Notification
- Exam Paper Analysis
- Topic-wise weightage
- Previous Year Papers with Answer Key
- Preparation Strategy & Subject-wise Books

To know more **Click Here**

www.prepp.in